# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2956 — 10.05.2017 ൽ മറുപടിയ്ക്ക്

## ചീമേനി തുറന്ന ജയിലിലെ ഗോമാതാ പൂജ

| ചോദ്യം<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ചീമേനിയിലെ തുറന്ന ജയിലിൽ ഗോമാത പൂജ നടത്തിയെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ജയിൽ സൂപ്രണ്ടിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. പ്രസ്തുത വിഷയത്തിൽ ചീമേനി തുറന്ന ജയിൽ സൂപ്രണ്ട് ശ്രീ. എ.ജി. സുരേഷിനെ 20.03.2017-ലെ ജി.ഒ.(ആർ.റ്റി) നം. 635/2017/ആഭ്യന്തരം നമ്പർ ഉത്തരവു പ്രകാരം അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. |
| (ബി) | എവിടെ നിന്നാണ് പ്രസ്തുത ജയിലിന് പശുക്കളെ സംഭാവനയായി ലഭിച്ചത് ; ജയിലിൽ പശുക്കളെ സംഭാവനയായി വാങ്ങുന്നത് ചട്ടവിരുദ്ധമാണോ ; | (ബി) | കർണാടകയിലെ കാമദുക പദ്ധതിയിൽ നിന്നും 2 പശുക്കളെയും ചെറുവത്തൂർ റോട്ടറി ക്ലബ്ബിൽ നിന്നും 8 പശുക്കളെയുമാണ് ചീമേനി തുറന്ന ജയിൽ സൂപ്രണ്ട് സംഭാവനയായി സ്വീകരിച്ചത്. 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 252-ന് താഴെയുള്ള ഉപചട്ടം (4) പ്രകാരം വിശേഷാവസരങ്ങളിൽ ആഹാര പദാർത്ഥങ്ങൾ തടവുകാർക്ക് വിതരണം ചെയ്യുന്നതിനായി പുറത്തുള്ളവരിൽ നിന്ന് സ്വീകരിക്കുവാൻ മാത്രമേ സൂപ്രണ്ടിന് അനുമതി ഉള്ളൂ. അല്ലാത്ത സംഭാവനകൾ സ്വീകരിക്കുന്നത് വകുപ്പ് മേധാവിയുടെ അനുമതി ആവശ്യമാണ്. |
| (സി) | ഗോമാത പൂജയ്ക്ക് നേതൃത്വം നൽകിയവർ ആരെല്ലാമാണ് ; ജയിലിൽ മതാചാര പ്രകാരമുള്ള പൂജകൾ നിരോധിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (സി) | കർണാടക ആസ്ഥാനമായി പ്രവർത്തിക്കുന്ന ഹോസ നഗര ശ്രീ. രാമചന്ദ്രപുര രാഘവേന്ദ്ര ഭാരതി സ്വാമികളും ശിഷ്യൻമാരുമാണ് കർണാടകയിലെ കാമദുക പ്രോജക്റ്റിൽ നിന്നും രണ്ടു പശുക്കളെ സംഭാവനയായി സ്വീകരിച്ച ചടങ്ങിൽ നേതൃത്വം നൽകിയത്. 2014-ലെ കേരള പ്രിസണുകളും |

| | | | |
|---|---|---|---|
| | | | സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 252 പ്രകാരം നിശബ്ദതയും അച്ചടക്കവും പാലിച്ചുകൊണ്ട് വിശ്രമ വേളയിലോ രാത്രിയിലെ ലോക്കപ്പിനു ശേഷമോ സൂപ്രണ്ട് രേഖാമൂലം നിശ്ചയിച്ച മറ്റ് സമയത്തോ മതപരമായ ഉപാസന നടത്തുന്നതിന് തടവുകാർക്ക് അനുമതിയുണ്ട്. എന്നാൽ ശബ്ദായമാനമായ അന്തരീക്ഷത്തിൽ നടത്തുന്നത് ഗുരുതരമായ ചട്ടലംഘനമാണ്. അത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ